# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കാർഷികരംഗത്തെ വളർച്ച</u>

1340 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗത്തെ വളർച്ചയ്ക്ക് വേണ്ടി ഈ സർക്കാർ ഇതിനകം ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എന്തെങ്കിലും വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാർഷിക രംഗത്തെ സഹായങ്ങൾ യഥാസമയം അർഹരായ കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

'ഹരിതശ്രീ' പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

1341 ശ്രീ. ലൂഡി ലൂയിസ്
,, വർക്കല കഹാർ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹരിതശ്രീ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) കാർഷിക സർവ്വകലാശാലയുടെ വിവിധ കാമ്പസ്സുകളിൽ ഈ പദ്ധതി വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ പദ്ധതി വിപുലമാക്കുന്നതിനായി നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് സർവ്വകലാശാല എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കൃഷിവകുപ്പിൽ എഞ്ചിനീയറിംഗ് വിംഗ് തുടങ്ങുവാൻ നടപടി

1342 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർ, കാർഷികയന്ത്രങ്ങളുടെ ഉപയോഗത്തിന് പുറംതിരിഞ്ഞുനിൽക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ മേഖലയിൽ കാർഷികയന്ത്രങ്ങൾ ഉപയോഗപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ;

(സി) കാർഷിക മേഖലയിൽ ഇതു നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പിൽ എൻജീനീയറിംഗ് വിങ്ങ് തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖലയില്‍ ഇസ്രായേലുമായുള്ള സഹകരണം</u>

1343 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. റ്റി. എ. റഹീം
,, ഇ.പി. ജയരാജന്‍
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇസ്രായേല്‍ സഹകരണത്തോടെ സംസ്ഥാനത്ത് കാര്‍ഷിക മേഖലയില്‍ പുതുതായി എന്തെങ്കിലും പദ്ധതി തുടങ്ങാന്‍ സര്‍ക്കാര്‍ ആലോചിക്കുന്നുണ്ടോ; എങ്കില്‍ പദ്ധതി നിര്‍ദ്ദേശങ്ങള്‍ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തില്‍ സംസ്ഥാന സര്‍ക്കാരിനുവേണ്ടി മുഖ്യമന്ത്രിയോ മറ്റേതെങ്കിലും മന്ത്രിമാരോ ഇസ്രായേല്‍ ഗവണ്‍മെണ്ടിന്റെ പ്രതിനിധികളുമായി ചര്‍ച്ച നടത്തിയിട്ടുണ്ടോ; എങ്കില്‍ എപ്പോള്‍ എവിടെയെല്ലാം വെച്ച് ചര്‍ച്ച നടത്തിയിട്ടുണ്ടെന്നും ചര്‍ച്ച ചെയ്ത കാര്യങ്ങള്‍ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ;

(സി) ഇസ്രായേലുമായി കാര്‍ഷിക മേഖലയില്‍ ധാരണയോടെ പ്രവര്‍ത്തിക്കാന്‍ സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം പദ്ധതികളുടെ കാര്യത്തില്‍ എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത</u>

1344 ശ്രീ. സി. പി. മുഹമ്മദ്
'' വി. ഡി. സതീശൻ
'' വർക്കല കഹാർ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) കർഷകരെ ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരെ ഒഴിവാക്കി പച്ചക്കറി വില്പന നേരിട്ടു നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(സി) സ്വാശ്രയ കർഷക സംഘങ്ങൾവഴി കൃഷിക്കാരിൽ നിന്നും പച്ചക്കറി സംഭരിക്കാനും, അവവിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഓണക്കാലത്തെ പച്ചക്കറി വില</u>

1345 ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് പച്ചക്കറി വില നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിലകുറച്ച് പച്ചക്കറികൾ വിതരണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിനായി സംസ്ഥാനത്തൊട്ടാകെ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്; ഇതിലൂടെ സബ്സിഡി ഇനത്തിൽ ഉപഭോക്താവിന് ലഭ്യമാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഓരോ വർഷവും ഓണക്കാലത്ത് വിലകുറച്ച് പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്; ഓരോ വർഷവും ഉപഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

മട്ടുപ്പാവിലെ പച്ചക്കറി കൃഷി

1346 ശ്രീ. വി.ഡി സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മട്ടുപ്പാവിലെ പച്ചക്കറികൃഷി പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇങ്ങനെ കൃഷിചെയ്യുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് ഹോർട്ടികോർപ്പ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പച്ചക്കറി ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് പദ്ധതികള്‍</u>

1347 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പച്ചക്കറി ഉല്പാദനം വര്‍ദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതികള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാര്‍ത്ഥികളില്‍ കൃഷിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

പച്ചക്കറികൃഷി

1348 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികൃഷി വ്യാപകമാക്കുവാൻ പുതിയ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) നിലവിൽ പച്ചക്കറികൃഷി നടത്തുന്ന കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച് കേട്കൂടാതെ സൂക്ഷിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിനു കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം</u>

1349 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിനു കീഴിൽ പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഈ വിഷയം സംബന്ധിച്ച് ഏതെങ്കിലും പഠന സമിതികൾ ഇതിനകം റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പച്ചക്കറി കർഷകർക്കുള്ള സഹായം</u>

1350 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി പച്ചക്കറി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് കൃഷിവകുപ്പ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി നടത്തുന്നതിന് എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കുമെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

1351 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. ; അവ ഏതെല്ലാമെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കേര കർഷകരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

1352 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേര കർഷകരുടെ രക്ഷയ്ക്കായി നാളികേരവികസന ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) നാളികേര ഉൽപാദനക്ഷമതയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ, വളത്തിന്റെ വിലയിലും കൃഷിചെലവിലും ഉണ്ടായ വർദ്ധന, തൊഴിലാളി ക്ഷാമം തുടങ്ങിയവ ഫലപ്രദമായി തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കേരോൽപന്ന കയറ്റുമതി</u>

1353 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ഏറ്റവും അധികം കേരോൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് ഏത് സംസ്ഥാനത്ത് നിന്നാണെന്ന് അറിയാമോ;

(ബി) കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുന്ന കേരോൽപന്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കേരോൽപന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ മേഖലയിൽ വൈവിധ്യവത്ക്കരണം നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഇളനീർ പന്തൽ പദ്ധതി</u>

1354 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ സമീപത്തും ജില്ലാ ആശുപത്രികളുടെ സമീപത്തും നാളികേര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഇളനീർ പന്തൽ തുടങ്ങി മിതമായ നിരക്കിൽ ഇളനീർ ലഭ്യമാക്കുന്ന പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) നിള നീരിന് സംസ്ഥാനത്ത് ഏകീകരിച്ച വില നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കരിക്കിൻവെള്ളം വാണിജ്യ അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിന് നടപടി

1355 ശ്രീ. വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിക്കിൻവെള്ളത്തെ 'കേരളത്തിന്റെ ഔദ്യോഗിക പാനീയ'മാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) കരിക്കിൻവെള്ളം പായ്ക്ക്ചെയ്ത് വിപണിയിൽ എത്തിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) കരിക്ക് സംസ്ക്കരണ യൂണിറ്റ് ഗവൺമെന്റ്/പൊതുമേഖലയിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി</u>

1356 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കാനും കൃഷിക്കാർക്ക് സഹായകരമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ സബ്സിഡി നിരക്കിൽ വിത്തും വളവും കൃഷിക്കാർക്ക് നൽകാൻ എന്തെല്ലാം പദ്ധതികളാണുള്ളത്; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) നെൽകൃഷിക്കാർക്ക് ഇൻഷൂറൻസ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി എപ്പോഴാണ് നിലവിൽ വന്നത് എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

പച്ചക്കറി വിത്ത് വിതരണം

1357 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി പച്ചക്കറി വിത്തുകൾ വീടുകളിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പുതുതായി ആവിഷ്കരിച്ചതാണോ ; എത്ര വീടുകളിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട് ; ജില്ലാടിസ്ഥാനത്തിൽ കണക്കു ലഭ്യമാക്കാമോ ;

(സി) ഇങ്ങനെ വിതരണം ചെയ്യുന്ന വിത്തുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയുടെ തുടർ മോണിറ്ററിങ്ങിനും വ്യാപനത്തിനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഹരിതയോരം പദ്ധതി</u>

1358 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് മുൻകൈയ്യെടുത്ത് പ്രധാനപാതയോരങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയ ഹരിതയോരം പദ്ധതി തുടർന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആ പദ്ധതി വിപുലീകരിച്ച് ഗ്രാമീണപാതയോരങ്ങളിലും നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഹരിതയോരം പദ്ധതി</u>

1359 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിതയോരം പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ സ്ഥലത്താണ് കൃഷി നടത്തിയിട്ടുള്ളത്;

(ബി) പദ്ധതി തുടർന്നു കൊണ്ടു പോകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നെൽവിത്തിന് സബ്സിഡി</u>

1360 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് നെൽവിത്ത് സബ്സിഡി നിരക്കിൽ നൽകുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) നെൽവിത്തിനും കുമ്മായത്തിനും രാസവളത്തിനും സബ്സിഡി നൽകിക്കൊണ്ട് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കർഷക ഭവൻ</u>

1361 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്കായി താമസസൗകര്യവും പരിശീലനപഠനവും മറ്റും നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച് പൂർത്തീകരിച്ച കർഷക ഭവൻ പ്രവർത്തനസജ്ജമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷക ഭവൻ കർഷകർക്ക് ഉപയുക്തമാകത്തക്ക നിലയിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള കർഷക ഭവനുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>നെൽവയൽ നീർത്തട പദ്ധതി</u>

1362 ശ്രീ.കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നീർത്തട പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയോ ;

(ബി) നെൽവയൽ നീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ, എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട് ;

(സി) നെൽവയൽ നീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഭൂമി സംബന്ധിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

'ഹരിതശ്രീ' പദ്ധതി

1363 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസൻ
ശ്രീ. പി. റ്റി. എ. റഹീം
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയിലൂടെയുള്ള 'ഹരിതശ്രീ' എന്ന പാട്ട കൃഷി പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുൻവർഷം സംയോജിത കൃഷി വഴി എന്തെല്ലാം വിളകൾ എത്ര ഹെക്ടറിൽ നടപ്പിലാക്കുകയുണ്ടായി;

(സി) ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ്, കുടുംബശ്രീ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ സഹായ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ഫാം അഡ്വൈസറി മെസേജിംഗ്

1364 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം അഡ്വൈസറി മെസേജിംഗ് ആരംഭിക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ;

(ബി) ഫാം അഡ്വൈസറി മെസേജിംഗിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കൃഷി പരിപാലനത്തിൽ കർഷകരെ സഹായിക്കുന്ന വിധത്തിൽ ഫാം അഡ്വൈസറി മെസേജിംഗ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ആർ. കെ. വി. വൈ. പദ്ധതി</u>

1365 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം സംസ്ഥാന കൃഷി വകുപ്പ് ആർ. കെ. വി. വൈ. പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് തുക ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുമ്പോൾ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

തരിശ് നിലങ്ങളിൽ കൃഷി ഇറക്കുന്നതിനുള്ള ധനസഹായം

1366 ശ്രീ.സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരിശായികിടക്കുന്ന നെൽപാടങ്ങളിൽ കൃഷിയിറക്കുന്നതിന് കർഷകർക്ക് ഇപ്പോൾ നല്കുന്ന സാമ്പത്തിക സഹായം എത്രയാണ് ;

(ബി) ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഹരിതയോരം പദ്ധതി</u>

1367 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

മുൻ സർക്കാർ ആരംഭിച്ച ഹരിതയോരം പദ്ധതി വ്യാപകമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ</u>

1368 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; അതിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആണ് ലാഭത്തിൽ പ്രവർത്തിക്കുന്നത് ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കോൾ പാടങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ്</u>

1369 ശ്രീ. പാലോട് രവി
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോൾ പാടങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി കുട്ടനാട് പാക്കേജ് മാതൃകയിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സർക്കാർ ഫാമിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ വില</u>

1370 ശ്രീ. വി. എസ്. സുനിൽകുമാർ
'' ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം സർക്കാർ ഫാമിൽ നിന്നും വില്ക്കുന്ന ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ഉല്പന്നത്തിനും നിലവിലുണ്ടായിരുന്ന വിലയും വർദ്ധിപ്പിച്ച വിലയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ഫാമുകളിലെ ഉല്പന്നങ്ങൾക്ക് പുതിയ നിരക്ക് ബാധകമായിട്ടുണ്ടോ ;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത ഫാമുകളിൽ നിന്നും വില്ക്കുന്ന ഉല്പന്നങ്ങളുടെ വില നിലവാരം എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>മെക്കനൈസ്ഡ് ലേബർ ബാങ്ക് (ആഗ്രോ തൊഴിൽ സേന)</u>

1371 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെക്കനൈസ്ഡ് ലേബർ ബാങ്ക് (ആഗ്രോ തൊഴിൽ സേന) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഇതിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കർമ്മസേനയിൽ പരിശീലനം കഴിഞ്ഞിറങ്ങുന്നവരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും സ്ഥിരമായി ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം നൽകുന്നതിനും ശ്രമിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>അഗ്രികൾച്ചർ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്</u>

1372 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലും യുവാക്കളിലും കാർഷി കാഭിരുചി വളർത്താൻ കേന്ദ്രസഹായത്തോടെ അഗ്രികൾച്ചർ റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മലബാറിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കാപ്പി കർഷകരുടെ കടങ്ങൾ</u>

1373 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ കാപ്പി കർഷകരുടെ കടങ്ങൾ എഴുതി തള്ളുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിമൂലം കേരളത്തിലെ കാപ്പി കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുമെന്ന് അറിയിക്കാമോ;

(സി) കാപ്പി കർഷകർക്ക് പദ്ധതിയുടെ പ്രയോജനം പരമാവധി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷിനാശം സംഭവിക്കുന്ന വിളകൾക്ക് നഷ്ടപരിഹാരം</u>

1374

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിക്കുന്ന വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിലുള്ള സാഹചര്യത്തിൽ ഈ തുക വളരെ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ എന്തു തുകയുടെ വർദ്ധനവാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഐ. സി. ഡി. പി. ഉപകേന്ദ്രം</u>

1375 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചശേഷം അടച്ചുപൂട്ടപ്പെട്ട എത്ര ഐ. സി. ഡി. പി. ഉപകേന്ദ്രങ്ങളുണ്ട്;

(ബി) പ്രസ്തുത ഉപകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്ന എത്ര ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളുണ്ട്;

(ഡി) പ്രസ്തുത തസ്തികകൾ പുന:സ്ഥാപിക്കാനുള്ള നടപടി പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ നെല്‍കൃഷി</u>

1376 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയില്‍ നെല്‍കൃഷിയെ പ്രോത്സാഹിപ്പിക്കാന്‍ എന്തൊക്കെ നടപടികള്‍ നടപ്പാക്കിവരുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകള്‍ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങ് വിലയ്ക്ക് നെല്ല് സംഭരിക്കാന്‍ തിരുവനന്തപുരം ജില്ലയില്‍ സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കില്‍ സംവിധാനം ഏര്‍പ്പെടുത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പമ്പിങ്ങ് സബ്സിഡി</u>

1377 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻവർഷം കൃഷിയിറക്കാത്ത പാടശ്ശേഖരത്തിന് തന്നാണ്ട് കൃഷിക്ക് പമ്പിങ്ങ് സബ്സിഡി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളുടെ മട കുത്തുന്നതിന് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം</u>

1378 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാണാസുരസാഗർ ഡാമിന്റെ ഷട്ടർ തുറന്നുവിട്ടപ്പോൾ വയനാട്ടിലെ പടിഞ്ഞാറത്തറ, കോട്ടത്തറ, പനമരം തുടങ്ങിയ പഞ്ചായത്തുകളിലെ കർഷകരുടെ നെൽകൃഷി വ്യാപകമായി നശിച്ചതു സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) വർഷക്കാലത്ത് വെള്ളപ്പൊക്കവും വേനൽകാലത്ത് ജലദൗർലഭ്യവും നേരിടുന്ന കർഷകർക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ആലത്തൂർ മോഡേൺ റൈസ് മിൽ</u>

1379 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മോഡേൺ റൈസ് മിൽ ആവശ്യത്തിന് നെല്ല് ലഭിക്കാത്തതുകൊണ്ട് പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റൈസ് മിൽ പ്രവർത്തിക്കുവാനാവശ്യമായ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) മോഡേൺ റൈസ്മിൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ നിയന്ത്രണത്തിൽ നിന്നും മാറ്റി സഹകരണ സംഘത്തെ ഏൽപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രം</u>

1380 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രത്തിൽ ഇപ്പോൾ കൃഷിവകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

1381 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഒട്ടാകെ എത്ര കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഉണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ 143 കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ജില്ലയിലെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന രൂക്ഷമായ പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജില്ലയിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഇല്ലാത്ത കൃഷിഭവനുകൾ എത്ര എണ്ണം; അവ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിര നിയമനം നടത്തുന്നതിനും തസ്തിക ഇല്ലാത്ത കൃഷിഭവനുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ നിയമനങ്ങൾ</u>

1382 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ കൃഷി വകുപ്പിനു കീഴിൽ എത്ര സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് തസ്തികയുള്ള കൃഷി ഭവനുകൾ എത്ര ; അവിടെ എത്ര സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ട് ; അവർക്ക് ശമ്പളകമ്മീഷൻ നിർദ്ദേശിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ എന്ന പേര് നല്കുന്നതിനുള്ള തടസ്സമെന്താണ് ;

(സി) നിലവിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് തസ്തികയുള്ള കൃഷി ഭവനുകൾ എത്ര ; അവിടങ്ങളിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ഡി) നിലവിൽ ഒന്നിൽ കൂടുതൽ സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാർ, കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് എന്നീ വിഭാഗം കൃഷി അസിസ്റ്റന്റുമാർ ജോലിചെയ്യുന്ന കൃഷി ഭവനുകൾ ഉണ്ടോ ;

(ഇ) മേൽ ജീവനക്കാരെ കൃഷിഭവനുകളിൽ അതാതു തസ്തികകളിൽ തന്നെ നിയമിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ജൈവ വളം പ്രോത്സാഹിപ്പിക്കാനുള്ള നടപടി</u>

1383 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ രാസവള സബ്സിഡി കുറച്ചതിനാലും വില നിയന്ത്രണാധികാരം കമ്പനികൾക്ക് നൽകിയതിനാലും ഉടലെടുത്തിരിക്കുന്ന വളക്ഷാമവും വിലവർദ്ധനവും മൂലം കർഷകരും കാർഷിക മേഖലയും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) രാസവളത്തിന്റ വില വർദധനവ് മൂലം ജൈവവളം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ജൈവവളം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇതിന്റെ ലഭ്യതയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ ക്ഷാമവും വിലവര്‍ദ്ധനയും</u>

1384 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, ഇ. പി. ജയരാജന്‍
,, കോലിയക്കോട് എന്‍.കൃഷ്ണന്‍ നായര്‍
,, എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാസവളങ്ങളുടെ ക്ഷാമവും വിലവര്‍ദ്ധനയും സംസ്ഥാനത്തെ കൃഷിക്കാരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ രാസവളങ്ങളുടെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച് കൃഷി വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; ജില്ലകളില്‍ നിന്നുള്ള ആവശ്യാനുസരണം വളങ്ങള്‍ ലഭ്യമാക്കാന്‍ സാധ്യമായിട്ടുണ്ടോ;

(സി) ഏലം, തേയില, കുരുമുളക് തുടങ്ങിയ കൃഷികള്‍ക്ക് വളം ചെയ്യേണ്ടിയിരുന്ന സമയത്ത് വളം ലഭ്യമായിരുന്നില്ലെന്നറിയാമോ;

(ഡി) കഴിഞ്ഞ ഒരു വര്‍ഷത്തിനകം കേരളത്തിലെ കാര്‍ഷിക മേഖലയ്ക്ക് ഒഴിച്ചു കൂടാനാവാത്ത രാസവളങ്ങള്‍ ഓരോന്നിനും എത്ര രൂപ വീതം വര്‍ദ്ധനവുണ്ടായെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വില വര്‍ദ്ധന</u>

1385 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രാസവളങ്ങളുടെ വില നിര്‍ണ്ണയാവകാശം വളം ഉല്പാദന കമ്പനികള്‍ക്ക് നല്‍കിയതിനാല്‍ രാസവളങ്ങളുടെ വിലയിലുണ്ടായ വര്‍ദ്ധനവു മൂലം സംസ്ഥാനത്ത് കര്‍ഷകര്‍ നേരിടുന്ന പ്രയാസങ്ങള്‍ സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) രാസവളങ്ങളുടെ വിലവര്‍ദ്ധനവ് ബാധിക്കാതിരിക്കാന്‍ വളങ്ങള്‍ക്ക് സംസ്ഥാന സര്‍ക്കാര്‍ കൂടുതല്‍ സബ്സിഡി നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) രാസവളങ്ങളുടെ വിലനിര്‍ണ്ണയാവകാശം കമ്പനികള്‍ക്ക് വിട്ടുനല്‍കിയ കേന്ദ്ര സര്‍ക്കാര്‍ തീരുമാനത്തെ തിരുത്തിക്കുന്നതിനുള്ള സമ്മര്‍ദ്ദ നടപടികള്‍ സംസ്ഥാന സര്‍ക്കാര്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതികൾ</u>

1386 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം കനത്തമഴയിലും വെള്ളപ്പൊക്കത്തിലും സംസ്ഥാനത്ത് എന്തെല്ലാം കൃഷിനാശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കനത്തമഴയിൽ ഓരോ ജില്ലയിലുമുണ്ടായ കൃഷിനാശനഷ്ടങ്ങളുടെ വിശദവിവരം വ്യക്തമാക്കാമോ;

(സി) നാശനഷ്ടങ്ങൾക്ക് ഇരയായവരെ സഹായിക്കാൻ കൃഷി വകുപ്പ് കൈകൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഡി) കാർഷികവിളകളും മറ്റും നഷ്ടപ്പെടുന്ന കർഷകർക്ക് സർക്കാർ കാലാകാലങ്ങളായി നൽകി വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) ഓരോ കൃഷി ഭവന്റെയും കീഴിലുള്ള കൃഷിഭൂമി, പ്രധാനവിളകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) ഈ വർഷം കാലവർഷക്കെടുതികൾക്ക് സംസ്ഥാനത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ഓർക്കിഡ്, ആന്തൂറിയം കൃഷി

1387 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓർക്കിഡ്, ആന്തൂറിയം കൃഷി വ്യാപിപ്പിക്കുന്നതിലേക്കായി പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത രംഗത്ത് ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിവരം അറിയിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഉത്പാദന ബോണസ്</u>

1388 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഉത്പാദന ബോണസ് എത്രയെന്നും ആയത് നൽകുന്നതിന്റെ മാനദണ്ഡം എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) ഉത്പാദന ബോണസ് സംഖ്യ നിശ്ചയിച്ചത് എപ്പോഴാണെന്നും ആയത് കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നെൽകൃഷിക്കാർക്ക് നൽകിവരുന്ന ഉത്പാദക ബോണസ് വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കുരുമുളകിന്റെ ഉൽപ്പാദനം</u>

1389 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുരുമുളകിന്റെ ഉല്പാദനം ഗണ്യമായ രീതിയിൽ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതേക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കുരുമുളക് കൃഷിയെ ആശ്രയിച്ചു കഴിയുന്ന കേരളത്തിലെ ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലെ കൃഷിക്കാർക്ക് കുരുമുളക് ചെടി റീപ്ലാന്റ് ചെയ്ത് കുരുമുളക് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവശ്യമായ ധനസഹായം ലഭ്യമാക്കുമോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ഇ. ഇ. സി. യുടെ വിപുലീകരണം</u>

1390 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വന്ന ഇ. ഇ. സി. താലൂക്ക് അടിസ്ഥാനത്തിൽ വ്യാപിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക കടാശ്വാസ കമ്മീഷന്‍</u>

1391 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മുന്‍സര്‍ക്കാര്‍ നടപ്പിലാക്കിയ കാര്‍ഷിക കടാശ്വാസ കമ്മീഷന്റെ പ്രവര്‍ത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കടാശ്വാസ കമ്മീഷന്‍ 50,000/- രൂപ നിരക്കില്‍ നല്‍കുന്ന സമാശ്വാസ തുക വര്‍ദ്ധിപ്പിക്കാന്‍ പദ്ധതിയുണ്ടോ;

(സി) കര്‍ഷകരുടെ ജീവിത സുരക്ഷ ഉറപ്പു വരുത്തുന്നതിന് സര്‍ക്കാര്‍ തലത്തിലുള്ള വിവിധ ഇന്‍ഷുറന്‍സ് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇത് ഓരോന്നും എപ്പോള്‍ മുതല്‍ പ്രാബല്യത്തിലുള്ളതാണ് എന്ന് പറയാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കൃഷി നാശം</u>

1392 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ കാലവർഷക്കെടുതി മൂലം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ കൃഷി നാശം ഉണ്ടായിട്ടുണ്ട് ;

(ബി) ഇതിൽ നെൽകൃഷി എത്രയാണ് :

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

കൃത്യത കൃഷി പദ്ധതി

1393 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ 'കൃത്യത കൃഷി' (പ്രിസിഷൻ ഫാമിംഗ്) പദ്ധതി 20 ഹെക്ടർ ഭൂമിയിൽ നടത്തുന്നതിനു വേണ്ടി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പദ്ധതി തുടങ്ങുന്നതിന് വേണ്ടിയുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാനാകും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>പുറക്കാട് കൃഷിഭവന്റെ പ്രവർത്തനം</u>

1394 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് കൃഷിഭവനിൽ കൃഷിഓഫീസറെ നിയമിക്കണമെന്നാവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പുറക്കാട് കൃഷിഭവനിൽ ഉദ്യോഗസ്ഥരുടെ എത്ര തസ്തികകൾ ഉണ്ട്; എത്ര പേർ അവിടെ ഇപ്പോൾ ജോലി ചെയ്യുന്നു; ഓരോ തസ്തികയിലും ഒഴിവുകൾ എത്ര;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

1395 ശ്രീ. സി.എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) ഈ പാക്കേജിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട അഴിമതി</u>

1396 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുമ്പോൾ സാമ്പത്തിക അഴിമതികൾ ഉണ്ടാകാതിരിക്കാൻ കുട്ടനാട് പാക്കേജിന് ഒരു സാമ്പത്തിക വിജിലൻസ് വിഭാഗം രൂപീകരിക്കണമെന്നാവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ. നിയമസഭയിൽ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) കുട്ടനാട് പാക്കേജിൽ അഴിമതി നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>നാളികേര സംസ്കരണ കേന്ദ്രം</u>

1397 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ മാമത്ത് പ്രവർത്തിക്കുന്ന നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള നാളികേര സംസ്കരണ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനാവസ്ഥ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത കേന്ദ്രത്തിന് എത്ര ഏക്കർ സ്ഥലമാണുള്ളത് ;

(സി) ഈ സ്ഥലം ഉപയോഗിച്ച് വായ്പയെടുത്തിട്ടുണ്ടോ ;

(ഡി) നിലവിൽ പ്രസ്തുത സ്ഥാപനത്തിനോ, സ്ഥലത്തിനോ ഏതെല്ലാം തരത്തിലുള്ള ബാദ്ധ്യതകളുണ്ട് ;

(ഇ) മറ്റെന്തെങ്കിലും സംരംഭം ഇവിടെ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(എഫ്) നിലവിലുള്ള പദ്ധതി പ്രായോഗികമല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വ്യവസായ വകുപ്പുമായി ചേർന്നു ഐ..ടി. പാർക്ക് പോലുള്ള നൂതന പദ്ധതികൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കുമോ ;

(ജി) ആറ്റിങ്ങൽ മണ്ഡലത്തിൽ സ്ഥലം നൽകിയാൽ ഒരു മാംസസംസ്കരണ യൂണിറ്റ് ആരംഭിക്കാൻ കഴിയുമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>□പ്രിസിഷന്‍ ഫാമിംഗ്□</u>

1398 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃശൂര്‍ ജില്ലയില്‍ ഏതെല്ലാം പഞ്ചായത്തുകളില്‍ □പ്രിസിഷന്‍ ഫാമിംഗ്□ കൃഷി രീതി നടപ്പാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) □പ്രിസിഷന്‍ ഫാമിംഗ്□ കൃഷിരീതി സ്വീകരിക്കുമ്പോള്‍ ഉല്പാദനചെലവിലുണ്ടാകുന്ന കുറവും ഉല്പാദന വര്‍ദ്ധനവും സംബന്ധിച്ച് ഏന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) □പ്രസിഷന്‍ ഫാമിംഗ്□ വ്യാപകമാക്കുന്നതിന് വകുപ്പുതലത്തില്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ</u>

1399

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(സി) രാസവള വിതരണത്തിന് പെർമിറ്റ് നൽകുന്നതിനും കൃഷിനാശനഷ്ടം കണക്കാക്കുന്നതിനും ഉല്പന്ന ബോണസ് കൃഷിക്കാർക്ക് യഥാസമയം നൽകുന്നതിനും സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ കൃഷിഭവൻ വഴി നടപ്പിലാക്കിയ പദ്ധതികൾ</u>

1400

ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര മണ്ഡലത്തിൽ ഈ സർക്കാർ ഏതൊക്ക പദ്ധതികളാണ് കൃഷിഭവൻ വഴി നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

'പശുഗ്രാമം' പദ്ധതി

1401 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന 'പശുഗ്രാമം' പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇത് ഒരു മാതൃകാ പദ്ധതിയാക്കി സ്വീകരിച്ച് മറ്റ് ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന് ആവശ്യമായ സഹായങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>രാസവള വിതരണം</u>

1402 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളില്‍ കര്‍ഷകര്‍ക്ക് രാസവളം ലഭിക്കാത്ത സാഹചര്യം നിലനില്‍ക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) രാസവളങ്ങള്‍ക്ക് വിതരണ ഏജന്‍സികള്‍ അധികവില ഈടാക്കുന്നത് തടയാന്‍ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) രാസവള വിതരണം സര്‍ക്കാര്‍ മോനിട്ടര്‍ ചെയ്യുന്ന സംവിധാനം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

മുല്ലക്കൊടി കൈവയൽ സംരക്ഷണം

1403

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഏറ്റവും വലിയ കൈവയൽ കൃഷിയിടമായ മുല്ലക്കൊടി കൈവയലിൽ ഉപ്പുവെള്ളം കയറുന്നതിനാൽ കൃഷി ചെയ്യാൻ പറ്റാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിപുലമായ പദ്ധതി തയ്യാറാക്കി മയ്യിൽ ഗ്രാമപഞ്ചായത്ത് കൈവയൽ പാടശേഖര സമിതിയ്ക്കു സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

നെൽകൃഷി വികസനം

1404 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നെൽകൃഷി വികസനത്തിനായി 2011-12 വർഷത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ പദ്ധതികളിലായി നെൽകൃഷി വികസനത്തിന് എന്ത് തുകയാണ് 2011-12 വർഷത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 30.09.2011-ലെ മറുപടിക്ക്

<u>ജാതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

1405 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടിയിലെയും സമീപപ്രദേശങ്ങളിലെയും ജാതികർഷകരെ ദുരിതത്തിലാഴ്ത്തിയ ജാതിക്കായുടെ ചീയൽരോഗം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ജാതിക്കയുടെ ചീയൽരോഗം മൂലം കഷ്ടത അനുഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ജാതികൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് മറ്റു കാർഷിക വിളകൾക്കു നൽകുന്നതു പോലെ സബ്സിഡികളും ക്ഷേമപദ്ധതികളും ജാതികർഷകർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

വെള്ളപ്പാറ റോഡ് ഗതാഗതത്തിന് തുറന്നുകൊടുക്കാന്‍ നടപടി

1406 ശ്രീ.ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മുക്കന്നൂരില്‍ നിന്നും അതിരപ്പള്ളിയിലേക്കുള്ള എളുപ്പവഴിയായ പ്ലാന്റേഷന്‍ കോര്‍പ്പറേഷന്റെ അധീനതയിലുള്ള ഒരു കിലോമീറ്റര്‍ ദൈര്‍ഘ്യമുള്ള വെള്ളപ്പാറ റോഡ് പൊതുജനങ്ങളുടെ യാത്രാ സൗകര്യത്തിനായി തുറന്നുകൊടുക്കാത്തതിനാലുള്ള യാത്രാക്ലേശം പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ കള - കുമിള്‍ നാശിനി പ്രയോഗം

T1407 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃശൂര്‍ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളിയിലുള്ള ഹാരിസണ്‍ മലയാളം എസ്റ്റേറ്റില്‍ കളനാശിനിയും കുമിള്‍ നാശിനിയും ഉപയോഗിക്കുന്നത് ജനങ്ങളുടെ ജീവിതത്തെ ദുഷ്ക്കരമായി ബാധിക്കും എന്ന ആശങ്ക ജനങ്ങളില്‍ ഉണ്ടായിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്തി ജനങ്ങളുടെ ആശങ്ക അകറ്റാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കൃഷി ഓഫീസര്‍മാരുടെ ഒഴിവുകള്‍

1408 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ കൃഷി ഓഫീസര്‍മാരുടെ എത്ര ഒഴിവുകള്‍ ഉണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്താന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(സി) കണ്ണൂര്‍ ജില്ലയിലെ ചെറുപുഴയില്‍ ആരംഭിച്ചിട്ടുള്ള കൃഷിഭവനില്‍ നാല് വര്‍ഷം കഴിഞ്ഞിട്ടും കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകള്‍ സൃഷ്ടിക്കാനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

അത്തിച്ചാൽ പടവിൽ പാടശേഖരത്തിൽ കൃഷി ഇറക്കുന്നതിന് നടപടി

1409 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ അത്തിച്ചാൽ പടവിൽ 37 ഏക്കർ വരുന്ന പാടശേഖരം തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പടവിലേയ്ക്ക് സുരക്ഷിതമായി വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കി, നീരൊഴുക്ക് സുഗമമാക്കി കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കൂമ്പുചീയൽ രോഗത്തിൽ നിന്നും തെങ്ങ് കൃഷിയെ രക്ഷിക്കാൻ നടപടി</u>

1410 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയിൽ കൂമ്പുചീയൽ രോഗം വന്ന് തെങ്ങുകൾ നശിക്കുന്നതിനാൽ കർഷകർ ദുരിതമനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂമ്പുചീയൽ രോഗത്തിന് സമഗ്രമായ പാക്കേജ് നടപ്പിലാക്കി തെങ്ങ് കൃഷിയെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷകർക്ക് 'വിത്ത്തേങ്ങ' വില പുനർനിർണ്ണയിച്ച് നൽകാനുള്ള നടപടി പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ</u>

1411 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ എത്ര കൃഷി ഓഫിസർമാരുടെയും അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ നിലവിലുണ്ട്; കൃഷിഭവൻ തിരിച്ചു കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്താൻ ഏതു വിധത്തിലുള്ള നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മണ്ണു സംരക്ഷണം</u>

1412 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ മണ്ണുസംരക്ഷണ പ്രവൃത്തികളാണ് നടത്തി വരുന്നത് എന്നും പ്രവൃത്തിയുടെ പേരും ചെലവഴിക്കുന്ന തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) മലയോര മേഖലകൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വിലനിലവാരം</u>

1413 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർ പൊതുവിൽ ഉപയോഗിച്ചുവരുന്ന രാസവളങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നിനും ഒരു വർഷം മുൻപ് ഉണ്ടായിരുന്നതും ഇപ്പോൾ ഉള്ളതുമായ വിലനില വാരം എപ്രകാരമാണെന്നും വിശദമാക്കാമോ .

(ബി) ഈ വർഷം രാസവളങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിക്കുക യുണ്ടായെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ ദൗര്‍ലഭ്യം</u>

1414 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊട്ടാഷ് , ഫാക്ടംഫോസ് തുടങ്ങിയ രാസവളങ്ങളുടെ ദൗര്‍ലഭ്യം മൂലം കര്‍ഷകന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തൊക്കെയാണ്;വിശദാംശം വ്യക്തമാക്കാമോ;

(സി) രാസവളത്തിന്റെ വര്‍ദ്ധിച്ച തോതിലുള്ള വിലക്കയറ്റം കര്‍ഷകരെ സാമ്പത്തികമായി ബുദ്ധിമുട്ടിലാക്കിയത് പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാന്‍ ഉദ്ദേശ്യമുണ്ടോ; എങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

രാസവളങ്ങളുടെ ദൗർലഭ്യം

1415 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ നെൽകർഷകർക്ക് രാസവളം ആവശ്യാനുസരണം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാക്ടംഫോസ് കർഷകർക്ക് നൽകുന്നതിന് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ;

(സി) നെൽകർഷകർക്ക് സഹകരണസ്ഥാപനങ്ങൾ മുഖാന്തിരം ഫാക്ടംഫോസ് നിയന്ത്രണണം കൂടാതെ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം

1416 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്ലാന്റേഷൻ കോർപ്പറേഷന് സമീപമുള്ള പ്രദേശങ്ങളിൽ എൻഡോസൾഫാൻ ഉപയോഗംമൂലം രോഗികളായവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമിയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിച്ച് ദുരിത ബാധിതരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട കീടനാശിനികൾ</u>

1417 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷിക്കാർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് എത്തിച്ചേരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ജൈവകൃഷിക്ക് പ്രചാരം നൽകുന്നതിന് കർഷകർക്കായി എന്തൊക്കെ പരിശീലനപരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇക്കാര്യങ്ങളുടെ ചുമതല കൃഷിവകുപ്പിലെ ഏതു ഉദ്യോഗസ്ഥനെയാണ് എല്പിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എൻഡോസൽഫാൻ നിരോധനം</u>

T 1418 ശ്രീ. ജോസഫ് വാഴക്കൻ
'' ബെന്നി ബെഹനാൻ
'' ഷാഫി പറമ്പിൽ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻഡോസൽഫാൻ നിരോധിക്കണമെന്ന ആവശ്യത്തെക്കുറിച്ചുള്ള നിലപാട് എന്താണ്;

(ബി) എൻഡോസൽഫാൻ നിരോധിക്കണമെന്ന് മറ്റേതെങ്കിലും സംസ്ഥാനങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയുമോ;

(സി) കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നിലപാട് എന്താണെന്ന് അറിയാമോ;

(ഡി) ഇതിനോട് യോജിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്രനിലപാടിനെതിരെ എന്ത് നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

കാർഷിക സർവ്വകലാശാലയിലെ ഒഴിവുകൾ

1419 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പീലിക്കോട് വിജ്ഞാനകേന്ദ്രത്തിലെയും, പടന്നക്കാട് കാർഷിക കോളേജിലെയും ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കീടനാശിനികൾ</u>

1420 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിർബാധം ഉപയോഗിച്ചുവരുന്ന രാസകീടനാശിനികൾ, നശിക്കാതെ കിടക്കുന്നതുമൂലം, വായു, ജലം, മണ്ണ് തുടങ്ങിയവയിലുണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ രാസകീടനാശിനികളുടെ ഉപയോഗവും, വിതരണവുമാണ് കേരളത്തിൽ നിരോധിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(സി) രാസകീടനാശിനികൾ ഒഴിവാക്കി അവയ്ക്ക് പകരം ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

എൻഡോസൾഫാൻ നിരോധനം

1421 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാന്റെ വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചിട്ടും ഇവ യഥേഷ്ടം കേരളത്തിലെ തോട്ടം മേഖലകളിൽ വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻഡോസൾഫാൻ മറ്റു പേരുകളിൽ കേരളത്തിൽ വിറ്റഴിക്കപ്പെടുന്നതും ഉപയോഗിക്കുന്നതും നിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ കടത്തിക്കൊണ്ടുവരുന്നതു ഫലപ്രദമായി തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>കീടനാശിനി ഉപയോഗം</u>

1422 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കീടനാശിനി വില്‍പ്പന കൃഷി ഓഫീസറുടെ കുറിപ്പോടു കൂടി മാത്രമേ നടത്താവൂ എന്ന് നിര്‍ദ്ദേശിച്ചു കൊണ്ടുള്ള സ.ഉ.(എം.എസ്.) നമ്പര്‍ 22/2011 കൃത്യമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) കൃഷി ഓഫീസറുടെ കുറിപ്പടി അനുസരിച്ചാണ് കീടനാശിനി വില്പന കേന്ദ്രങ്ങളില്‍ കീടനാശിനി വില്‍ക്കുന്നത് എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നുണ്ടോ; അത്തരം പരിശോധനാ റിപ്പോര്‍ട്ടുകള്‍ സര്‍ക്കാര്‍ അവലോകനം ചെയ്യാറുണ്ടോ;

(സി) സര്‍ക്കാരിന്റെ നിര്‍ദ്ദേശം ലംഘിക്കുന്ന ഡിപ്പോ ഡീലര്‍മാര്‍ക്കെതിരെ നടപടികള്‍ സ്വീകരിക്കുന്നുണ്ടോ;

(ഡി) നിരോധിച്ച കീടനാശിനികള്‍ അന്യസംസ്ഥാനങ്ങളില്‍ നിന്ന് ഇടുക്കി ജില്ല വഴി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു തടയാന്‍ എന്തു നടപടികളാണ് സ്വീകരിക്കുന്നത്;

(ഇ) അന്യസംസ്ഥാനങ്ങളില്‍ നിന്നും വരുന്ന പഴം പച്ചക്കറി എന്നിവയില്‍ ഹാനികരവും അപകടകരവുമായ കീടനാശിനികള്‍ തളിക്കുന്നുണ്ട് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതു പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നതാണ് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് പരിശോധിക്കാന്‍ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സഹായം</u>

1423 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞ സർക്കാർ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ചെയ്ത സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് എന്തെല്ലാം സഹായമാണ് നൽകിയിട്ടുള്ളത് ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

എന്‍ഡോസള്‍ഫാന്‍ ദുരിതബാധിതര്‍

1424 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയില്‍ എന്‍ഡോസള്‍ഫാന്‍ ദുരിതബാധിതരായ എത്ര രോഗികള്‍ ഉണ്ടെന്നും, നാളിതുവരെയായി ദുരിതബാധിതരില്‍ എത്ര പേര്‍ മരണപ്പെട്ടിട്ടുണ്ടെന്നും, ഇതില്‍ എത്രപേര്‍ക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെന്നും, ദുരിത ബാധിതരില്‍ എത്ര പേര്‍ക്ക് പെന്‍ഷന്‍ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>വന്‍കിട ഫാമുകള്‍</u>

1425 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വന്‍കിട ഫാമുകള്‍ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് ആരംഭിച്ച ഫാമുകളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;
എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ നടത്തുന്ന ഫാമുകള്‍ ഏതൊക്കെയാണ്;

(ഡി) സഹകരണമേഖലയിലും, സ്വകാര്യമേഖലയിലുമായി എത്ര വന്‍കിട ഫാമുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; അവ ഏതൊക്കെ;

(ഇ) പുതുതായി ഫാമുകള്‍ ആരംഭിക്കുന്നവര്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് നല്‍കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>വൈക്കോലിന്റെയും പുല്ലിന്റെയും ഉല്പാദനം</u>

1426 ശ്രീ.രാജു എബ്രഹാം
,, കെ. വി. വിജയദാസ്
,, എ. എം. ആരിഫ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കന്നുകാലികൾക്ക് ആവശ്യമായ അത്രയും വൈക്കോലിന്റെയും പുല്ലിന്റെയും ഉല്പാദനം കേരളത്തിൽ നടക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പുതുതായി എന്ത് പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പദ്ധതികൾ

1427 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ വിശദാംശങ്ങളും അറിയിക്കുമോ;

(ബി) പശുവളർത്തൽ പരിപോഷിപ്പിക്കുന്നതിനായി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

മൃഗസംരക്ഷണ മേഖല

1428 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത മേഖലയിലെ വികസനത്തിന് കേന്ദ്രം സംസ്ഥാനത്തിനായി എത്രകോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്രം നടപ്പാക്കുന്ന പദ്ധതികളിൽ പങ്കാളിയാകുവാൻ എന്തെല്ലാം നടപടികൾ ഇതുവരെ എടുത്തിട്ടുണ്ട്;

(ഇ) സ്വകാര്യ വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും കർഷക സമിതികളുടെയും പങ്കാളിത്തം പ്രസ്തുത പദ്ധതിക്കുവേണ്ടി ഉപയോഗിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>കോഴി വളർത്തൽ മേഖല</u>

1429 ശ്രീ. എം.പി. വിൻസെന്റ്
,, വി.ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ മേഖല വിപുലമാക്കുന്നതിന് കെപ്കോ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് ഹൈടെക് ലെയർ ബ്രീഡിംഗ് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയാണ് ഫാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത ഫാമിൽ കോഴിത്തീറ്റ, ഹാച്ചറി എന്നിവ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

മുട്ട, മാംസം എന്നിവയുടെ ഉൽപാദനം

1430 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുട്ട, മാംസം എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്താന പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ 2011-12 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ വിശദാംശവും വെളിപ്പെടുത്തുമോ;

(ബി) പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം</u>

1431 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ വികസനത്തിനു വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച ചാലക്കുടിയിലെ പദ്ധതിയുടെ പ്രവർത്തനം തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ക്ഷീര ധാര, മിൽക്ക് ഷെഡ് പ്രോഗ്രാം, വിദ്യാലയങ്ങളിലെ ആടു വിതരണം, കുരുന്നു കൈകളിൽ കുഞ്ഞ് കോഴി കൾ, ഗ്രാമം നിറയെ കോഴികൾ, വീട്ടുമുറ്റത്തെ അരുമ ക്കോഴികൾ തുടങ്ങിയ പദ്ധതികൾ തുടർന്ന് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പോത്തിറച്ചി സംസ്ക്കരണ ഫാക്ടറിയും എണ്ണപ്പനക്കുരു സംസ്ക്കരണ ഫാക്ടറിയും</u>

1432 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളിയിൽ പോത്തിറച്ചി സംസ്ക്കരണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറയിൽ എണ്ണപ്പനക്കുരു സംസ്ക്കരണ ഫാക്ടറി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികള്‍</u>

1433 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, ചിറ്റയം ഗോപകുമാര്‍
,, വി. ശശി
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴില്‍ ആവിഷ്ക്കരിച്ച് നടപ്പാക്കി വന്ന പദ്ധതികള്‍ ഏതെല്ലാമെന്നും അതില്‍ ഏതെല്ലാം പദ്ധതികള്‍ക്ക് കേന്ദ്ര സഹായം നേടിയെടുക്കുവാന്‍ കഴിഞ്ഞിട്ടുണ്ടെന്നും മൃഗസംരക്ഷണ വകുപ്പില്‍ നടപ്പാക്കാനായി മുന്‍ സര്‍ക്കാരിന്റെ കാലത്ത് സമര്‍പ്പിച്ച എത്ര പദ്ധതികള്‍ക്ക് കേന്ദ്ര ഗവണ്‍മെന്റിന്റെ അനുമതി ലഭിക്കാത്തതായി ഇപ്പോഴുമുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഏതെങ്കിലും പദ്ധതികള്‍ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര പദ്ധതികള്‍; അവ ഏതെല്ലാം?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

1434 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, മഞ്ഞളാംകുഴി അലി
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റത്തക്ക വിധത്തിൽ പാലിന്റെ ഉൽപാദനം വർദ്ധിപ്പിക്കാനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ;

(ബി) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് സർക്കാരിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പുതിയതായി എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കാലിവളർത്തലിൽ താൽപര്യവും വിജ്ഞാനവുമുള്ള നാമമാത്ര ക്ഷീരകർഷകർക്ക് സാമ്പത്തിക സഹായം നൽകി ഇടത്തരം ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ക്ഷീര കർഷകർക്കു ലഭിക്കുന്ന പാൽവില പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിലവർധന വരുത്താതെ കർഷകർക്ക് മറ്റു വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

പാൽക്ഷാമം പരിഹരിക്കാൻ നടപടി

1435 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന പാൽക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാകുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുളള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശം വ്യക്താമാക്കുമോ:

(ഡി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്താമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് ഉത്പാദക ബോണസ്</u>

1436 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഇപ്പോൾ ഉത്പാദക ബോണസ് നൽകുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് നിർത്തലാക്കുന്നതിന് എന്തെങ്കിലും നടപടികളോ നിർദ്ദേശങ്ങളോ പരിഗണിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) എത്ര തുകയാണ് ഉത്പാദക ബോണസായി നൽകിവരുന്നതെന്നും ആയത് വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ക്ഷീരനഗര പദ്ധതി</u>

1437 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാമിൽ നടപ്പിലാക്കുന്ന ക്ഷീരനഗര പദ്ധതിയിൽ സമീപ പഞ്ചായത്തുകളിലെ കർഷകരെ കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുമോ ;

(ബി) കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാമിൽ നിന്നും പാൽ ഉല്പാദിപ്പിച്ച് തൃപ്തി എന്ന പേരിൽ പ്ലാസ്റ്റിക് കവറിൽ വില്പനനടത്തുവാൻ തീരുമാനിച്ചതിന്റെ തുടർ നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(സി) ഹൈടെക് ഡയറി ഫാമിനോടനുബന്ധിച്ചുള്ള ഹാർട്ട് വാൽവ് ഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനം വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

കോലാഹലമേട് ഹൈടെക് ഡയറി ഫാം

1438 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കോലാഹലമേട് ഹൈടെക്ക് ഡയറി ഫാം നിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഫാമിന്റെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) പ്രാദേശിക ക്ഷീരോത്പാദകരെ പ്രസ്തുത ഫാമുമായി ബന്ധിപ്പിക്കുന്നതിനും ഈ മേഖലയിലെ പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

1439 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പശുഗ്രാമം, മിൽക്ക്ഷെഡ്, ഡയറിഫാം തുടങ്ങിയ പദ്ധതികൾ വഴി പാലുൽപാദനത്തിൽ എത്രമാത്രം വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ;

(ബി) പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രസ്തുത പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ ;

(സി) മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി ക്ഷീരമേഖലയ്ക്ക് കൂടുതൽ ഉണർവു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

അന്യസംസ്ഥാന പാലിന്റെ ഗുണനിലവാരം

1440 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ ഇറക്കുമതി ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഫലപ്രദമായ സംവിധാനങ്ങളുടെ അപര്യാപ്തത ഉണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് കൂലി</u>

1441 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂലി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

ശാന്തൻപാറ മൃഗാശുപത്രിയിൽ സ്ഥിരം ഡോക്ടർ

1442 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തൻപാറ മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാത്തതിനാൽ സേവനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

മൃഗഡോക്ടർമാരുടെ ഒഴിവുകൾ

1443 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഏതൊക്കെ മൃഗാശുപത്രികളിലാണ് സ്ഥിരമായി വെറ്ററിനെറി സർജന്മാർ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

ബി. ടെക് പ്രിന്റിംഗ് ടെക്നോളജി യോഗ്യതയുള്ളവരുടെ നിയമനം

1444 ശ്രീ. പാലോട് രവി
'' വി. ഡി. സതീശൻ
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കോളേജുകളിൽ ബി. ടെക് പ്രിന്റിംഗ് ടെക്നോളജി കോഴ്സ് നടത്തുന്നണ്ട് ;

(ബി) ബി. ടെക് പ്രിന്റിംഗ് ടെക്നോളജി അടിസ്ഥാനയോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ കേരള സർക്കാരിന്റെ വിവിധ പ്രിന്റിംഗ് സ്ഥാപനങ്ങളിലേക്കും യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രസ്സുകളിലേക്കും നേരിട്ടുള്ള നിയമനങ്ങൾക്കായി പരിഗണിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുമോ ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സർക്കാർ പ്രസ്സുകളുടെ നവീകരണം</u>

1445 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളെ നവീകരിക്കുന്നതിനായി 01-06-2011 മുതൽ 31-08-2011 വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാമോ; പ്രസ്തുത നടപടികൾ അപര്യാപ്തമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുമോ?

(ബി) ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ്, ലോട്ടറി പ്രിന്റിംഗ് മുതലായ പ്രവൃത്തികൾ ഷൊർണ്ണൂരിലെ സർക്കാർ പ്രസ്സിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഷൊർണ്ണൂർ സർക്കാർ പ്രസ്സിനനുവദിച്ച വെബ് ഓഫ്സെറ്റ് മെഷീൻ നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വെബ് ഓഫ്സെറ്റ് മെഷീൻ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഷൊർണൂർ സർക്കാർ പ്രസ്സിനനുവദിച്ച ഹെവിഡ്യൂട്ടി സ്റ്റിച്ചിംഗ് മെഷീൻ, ഫോൾഡിംഗ് മെഷീൻ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

<u>സർക്കാരിന്റെ അച്ചടി ജോലികൾ</u>

1446 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അച്ചടിജോലികൾ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകി വരുന്നത് ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) പാഠപുസ്തക പ്രിന്റിംഗ് ജോലി ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നൽകിവരുന്നത് ;

(സി) സർക്കാർ പ്രസ്സുകളിൽ പ്രിന്റിംഗ് ജോലി പൂർത്തിയാക്കാൻ കഴിയാതെ വരുമ്പോൾ സർക്കാർ നിയന്ത്രണത്തിലുള്ള പ്രിന്റിംഗ് സ്ഥാപനങ്ങളെ പ്രസ്തുത ജോലി ഏൽപ്പിക്കാൻ തീരുമാനമുണ്ടോ ;

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ ഒരു ഗവൺമെന്റ് പ്രസ്സ്</u>

1447 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സർക്കാർ തലത്തിൽ അച്ചടി പ്രസ്സുകൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ ഒരു ഗവൺമെന്റ് പ്രസ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>ഉമയനല്ലൂർ പ്രിന്റിംഗ് പ്രസ്സ്</u>

1448 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഉമയനല്ലൂരിൽ പുതുതായി ആരംഭിച്ച സർക്കാർ പ്രിന്റിംഗ് പ്രസ്സ് പഴയ വാടക കെട്ടിടത്തിൽ നിന്നും പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ;

(ബി) പ്രസ്തുത പ്രസ്സിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് പ്രസ്സിന്റെ പ്രവർത്തനം പൂർണ്ണതോതിലാക്കാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 30.09.2011-ലെ മറുപടിക്ക്

<u>സ്റ്റേഷനറി വകുപ്പിന്റെ നവീകരണം</u>

1449 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വിതരണത്തിന് ഓരോ ഓഫീസിനും ഒരു പെർമനന്റ് അക്കൗണ്ട് നമ്പരും ഓൺലൈൻ അക്കൗണ്ടും നടപ്പാക്കുമോ;

(ബി) സ്റ്റേഷനറി വകുപ്പിൽ ഓൺലൈൻ സ്റ്റോക്ക് വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 30.09.2011-ലെ മറുപടിക്ക്

എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള സ്റ്റേഷനറി സാമഗ്രികൾ

1450 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാർക്ക് അനുവദിച്ചിട്ടുള്ള വാർഷിക വാർഷികേതര സ്റ്റേഷനറി സാമഗ്രികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അനുവദിച്ച പ്രകാരമുള്ള സാമഗ്രികൾ പ്രസ്തുത എം.എൽ.എ മാർക്ക് ലഭ്യമാകാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനുവദിച്ചിട്ടുള്ള സ്റ്റേഷനറി സാമഗ്രികൾ പൂർണമായും സമയബന്ധിതമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 21.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.